## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1988

10.10.2011 -ൽ ഭാഗികമായി മറുപടി നൽകിയിരുന്നത്

### അരിവാൾ രോഗം നിയന്ത്രിക്കാൻ നടപടി

<table>
<tr><td colspan="2">ചോദ്യം<br>ശ്രീ.എം.വി.ശ്രേയാംസ്കുമാർ:</td><td colspan="2">ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>ആരോഗ്യവും കയറും വകുപ്പുമന്ത്രി</td></tr>
<tr><td>(എ)</td><td>വയനാട്ടിലെ ആദിവാസികളിൽ കണ്ടിരുന്ന അരിവാൾ രോഗം ഇതര വിഭാഗങ്ങളിലേക്ക് പടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;</td><td>(എ)</td><td>ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വയനാടിനോടു ചേർന്ന് കോഴിക്കോട് ജില്ലയിലെ ആദിവാസികളിലും, നിലമ്പൂർ , കണ്ണൂർ (ആറളം ഫാം) എന്നീ പ്രദേശങ്ങളിൽ നിന്നുള്ള ആദിവാസികളിലും രോഗം വളരെ ചെറിയ തോതിൽ കണ്ടെത്തിയിട്ടുണ്ട്. വയനാട് ജില്ലയിലെ മുസ്ലീം, ക്രിസ്ത്യൻ വിഭാഗങ്ങളിൽ നിന്നും 3 അരിവാൾ കോശ രോഗികളെ മാത്രമാണ് കണ്ടെത്തിയിട്ടുള്ളത്.</td></tr>
<tr><td>(ബി)</td><td>പ്രസ്തുത രോഗം ബാധിച്ചവരുടെ എണ്ണം എത്രയാണെന്ന് താലൂക്ക് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;</td><td>(ബി)</td><td>ആദിവാസി കോളനികളിൽ സ്ക്രീനിംഗ് വിധേയരാക്കിയവരുടെ താലൂക്ക് തിരിച്ചുള്ള കണക്ക്
<table>
<tr><td>താലൂക്ക്</td><td>രോഗം ഉള്ളവരുടെ എണ്ണം</td></tr>
<tr><td>മാനന്തവാടി</td><td>112</td></tr>
<tr><td>ബത്തേരി</td><td>350</td></tr>
<tr><td>വൈത്തിരി</td><td>21</td></tr>
<tr><td>അട്ടപ്പാടി</td><td>44</td></tr>
<tr><td>ആകെ</td><td>527</td></tr>
</table></td></tr>
</table>

| | | | |
|---|---|---|---|
| (സി) | രോഗം കണ്ടെത്തി സ്ഥിരീ കരിക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ ഏർപ്പെടു ത്തുമോ; | (സി) | സർക്കാർ മെഡിക്കൽ കോളേജുകളിൽ പ്രസ്തുത രോഗം കണ്ടുപിടിക്കു ന്നതിനും സ്ഥിരീകരിക്കുന്നതിനും സംവിധാനങ്ങൾ നിലവിലുണ്ട്. |
| (ഡി) | പ്രസ്തുത രോഗം നിയന്ത്രണ വിധേയമാക്കുന്നതിനായി എന്തെല്ലാം മുൻകരുതലു കളാണ് സ്വീകരിച്ചിരിക്കുന്ന തെന്ന് വ്യക്തമാക്കുമോ? | (ഡി) | പ്രസ്തുത രോഗം നിയന്ത്രണ വിധേയ മാക്കുന്നതിനായി അടുത്ത ബന്ധു ക്കൾ തമ്മിലുള്ള വിവാഹ ബന്ധം പ്രോത്സാഹിപ്പിക്കാതിരിക്കലാണ് തടയുന്നതിനുള്ള വഴി. ഗർഭസ്ഥ ശിശുവിന് രോഗ നിർണ്ണയം നടത്തി ജനിതക തകരാർ ഉണ്ടെന്ന് കണ്ടു പിടിച്ചുകഴിഞ്ഞാൽ ഗർഭഛിദ്രം നട ത്താൻ അനുവദിക്കുകയും അതുവഴി രോഗമുള്ള കുഞ്ഞ് ജനിക്കുന്നത് തടയുകയും ചെയ്യാം. |

സെക്ഷൻ ഓഫീസർ